പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 740 15.07.2014-ൽ മറുപടിക്ക്

## സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ കമ്പനി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. റ്റി. ബൽറാം :<br>" പി. എ. മാധവൻ :<br>" റ്റി. എൻ. പ്രതാപൻ : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ജൻറം ബസ്സുകൾക്കായി കെ.എസ്.ആർ.ടി.സി.യുടെ കീഴിൽ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ കമ്പനി രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്.<br>ജൻറം ബസ്സുകൾക്കായി കേന്ദ്ര ഗവൺമെന്റിൽ നിന്നും ധനസഹായം ലഭിക്കണമെങ്കിൽ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കേണ്ടത് അനിവാര്യമാണ്. അതിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുന്നതിന് 05.07.2014-ലെ G.O.(Ms) No. 50/2014/Tran നമ്പർ ഉത്തരവ് പ്രകാരം കെ.എസ്.ആർ.ടി.സി.യ്ക്ക് അനുവാദം നൽകിയിട്ടുണ്ട്. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത കമ്പനിയുടെ പ്രവർത്തനം വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നല്കുമോ; | (ബി) | സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) രൂപീകരിച്ചിരിക്കുന്നത് പ്രത്യേകിച്ചും നഗര പരിധിയിലെ പൊതുഗതാഗതത്തെ മെച്ചപ്പെടുത്തുന്നതിനു വേണ്ടിയാണ്. ജൻറം സർവ്വീസ്, ഓപ്പറേഷൻ, പരിപാലനം, അതിനാവശ്യമായ മറ്റു കാര്യങ്ങൾ എന്നിവ ഒരു കുടക്കീഴിൽ ആക്കി സർവ്വീസ് നടത്തിപ്പ് സുഗമമാക്കുക എന്നതാണ് അതിന്റെ ലക്ഷ്യം. |
| (സി) | കമ്പനിയുടെ ഘടനയും പ്രവർത്തനരീതിയും എങ്ങനെയായിരിക്കണം എന്നാണ് ഉദ്ദേശിച്ചിട്ടുള്ളത്; വിശദമാക്കുമോ; | (സി) | കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ സബ്സിഡിയറിയായിട്ടാണ് കേരളാ അർബൻ ട്രാൻസ്പോർട്ട് കോർപ്പറേഷൻ എന്ന പേരിൽ SPV പ്രവർത്തിക്കുക. |

| | | | |
|---|---|---|---|
| (ഡി) | കമ്പനിയുടെ പ്രവർത്തനത്തിനായി കേന്ദ്ര നഗര വികസന വകുപ്പ് എന്തെല്ലാം ധനസഹായങ്ങളാണ് നൽകുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (ഡി) | സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) -ന്റെ പ്രവർത്തനത്തിനായി കേന്ദ്ര നഗര വികസന വകുപ്പ് ധനസഹായങ്ങളൊന്നും ലഭ്യമാക്കുന്നില്ല. പ്രസ്തുത സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചെങ്കിൽ മാത്രമേ ജൻറം പദ്ധതിയിൽപ്പെട്ട 400 ബസ്സുകൾക്കുള്ള സാമ്പത്തിക സഹായം കേരള സംസ്ഥാനത്തിന് ലഭ്യമാവുകയുള്ളൂ. |

സെക്ഷൻ ഓഫീസർ